**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സോഷ്യോ എക്കണോമിക്സ് & കാസ്റ്റ് സെൻസസ് 2011 കരട് ലിസ്റ്റ് അച്ചടിക്കുന്നതിന് ചെലവ് ഗ്രാമപഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).3086/13/തസ്വഭവ തീയതി, തിരുവനന്തപുരം, 17.12.2013

---

**പരാമർശം:** 1. 02.07.2013 ലെ 39178/ഡിഡി3/13/തസ്വഭവ നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 19.11.2013-ലെ 12168/എസ്.ഇ.സി.സി.12/ സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിന്റെയും അന്തിമ ലിസ്റ്റിന്റെയും വിവരങ്ങൾ ഗ്രാമവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിച്ച് വിവരങ്ങൾ സോഫ്റ്റ് കോപ്പിയായി നൽകി സ്വന്തം നിലയിൽ പ്രിന്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുവാൻ പരാമർശം(1)ലെ കത്ത് മുഖേന ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ഗ്രാമസഭകളിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടത് ആവശ്യമായതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് ആസ്ഥാനങ്ങളിലും ജില്ലാ തലത്തിലും ഹാർഡ് കോപ്പി പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതിനാലും ഓരോ ഗ്രാമപഞ്ചായത്തിനും സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ മൂന്ന് കോപ്പി വീതം അച്ചടിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അതിനുള്ള ചെലവ് ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2)ലെ കത്ത് മുഖേന ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തും സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിന്റെ മൂന്ന് പകർപ്പ് വീതം അച്ചടിക്കുന്നതിനും ആയതിനുള്ള ചെലവ് ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

അനിത ദാമോദരൻ
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

4. എല്ലാ ജില്ലാകളക്ടർമാർക്കും
5. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ